## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 642 24/01/2018-ൽ മറുപടിക്ക്

## ചാലക്കുടി, കൊരട്ടി കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസുകളുടെ വിഭജനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ബി.ഡി. ദേവസ്സി** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | ചാലക്കുടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും കൊരട്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് കാട്ടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | ചാലക്കുടി സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും കൊരട്ടി, അന്നമനട എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് കാട്ടുകുറ്റിയിലും സെക്ഷൻ ഓഫീസുകൾ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ബോർഡ് പരിശോധിച്ചിരുന്നു. സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിക്കുന്നത്. കൂടാതെ പുതിയ ഓഫീസ് ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും പുതിയ ഓഫീസുകൾ അനുവദിക്കുന്നത് നിലവിൽ പ്രായോഗികമല്ല. ഇതിന്റെ തന്നെ ചാലക്കുടി സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും കൊരട്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് കാട്ടുകുറ്റിയിലും സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ